പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2531 — 9/3/2017 ൽ മറുപടിക്ക്

**കന്നുകാലികളുടെ വംശവർദ്ധനവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്: | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | ചോദ്യം | മറുപടി |
|---|---|---|
| എ) | കന്നുകാലികളുടെ വംശവർദ്ധനവ് ത്വരിതപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ; | എ) കന്നുകാലികളുടെ വംശവർദ്ധനവ് ത്വരിതപ്പെടുത്തുന്നതിന് വേണ്ടി 2978 കൃത്രിമ ബീജാധാനകേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങൾ മുഖേന കന്നുകാലി പ്രജനന നയം അനുശാസിക്കുന്ന രീതിയിലുള്ള ജനിതക മേന്മയുള്ള വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും, നാല് ജെഴ്സി വിത്തുകാളക്കുട്ടികളെ ഡെൻമാർക്കിൽ നിന്നും ഇറക്കുമതി ചെയ്തു കഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്. ഇതിന് പുറമെ ഉയർന്ന ജനിതക മൂല്യമുള്ള വിത്തുകാളകളുടെ ബീജമാത്രകളും, ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളും ഇറക്കുമതി ചെയ്യാനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.<br><br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം ചെയ്തുവരുന്നതുമൂലം കന്നുകുട്ടികൾ നിർദ്ദിഷ്ട പ്രായത്തിൽ തന്നെ മദിയിൽ വരുകയും വംശവർദ്ധനവിന് സഹായമാകുകയും ചെയ്യുന്നുണ്ട്.<br><br>അംശമൂലകങ്ങളുടെ കുറവുമൂലമുള്ള വന്ധ്യത പരിഹരിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപയുടെ ധാതുലവണ മിശ്രിതം സൗജന്യമായി മൃഗാശുപത്രികൾ വഴി വിതരണം ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ വന്ധ്യതാ നിവാരണത്തിനുള്ള വിവിധതരം ഹോർമോണുകൾ, വിരമരുന്ന് മുതലായവയും വകുപ്പിന്റെ ചികിത്സാ കേന്ദ്രങ്ങൾ വഴി വിതരണം നടത്തിവരുന്നു. |
| ബി) | കേരളത്തിൽ മുൻപുണ്ടായിരുന്ന പല നാടൻ കന്നുകാലികളും വംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ? | ബി) കേരളത്തിലെ തനതു നാടൻ ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ ജനുസ്സുകളിൽപ്പെട്ട പശുക്കളെ വളർത്തി സംരക്ഷിക്കുന്ന കർഷകർക്ക് 10000/- രൂപ ഒറ്റത്തവണ ധനസഹായമായി കെ.എൽ.ഡി ബോർഡ് നൽകി വരുന്നുണ്ട്. കൂടാതെ ഈ ഇനത്തിൽപ്പെട്ട പശുക്കളെ ബീജധാനം നടത്തുന്നതിന് ഇതേ ജനുസ്സുകളിൽപ്പെട്ട വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജം ആവശ്യമുള്ള കേന്ദ്രങ്ങളിലെല്ലാം എത്തിച്ചുകൊടുക്കുന്നുണ്ട്.<br><br>കേരളത്തിന്റെ തനതു ജനുസ്സായ കാസർഗോഡ് കുള്ളൻ പശുക്കളെ വംശനാശ ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിലേക്ക് മാത്രമായി ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ "ബദിയഡുക്ക കന്നുകാലി ഫാം" പ്രവർത്തിച്ചു വരുന്നു.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളായ വിതുര ജഴ്സി ഫാം, കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം എന്നിവയിൽ വെച്ചൂർ ഇനത്തിൽപ്പെട്ട കന്നുകാലി ജനുസ്സിന്റെ സംരക്ഷണത്തിനായി പശുക്കളെയും വിത്തുകാളകളെയും വളർത്തുണ്ട്. |

സെക്ഷൻ ഓഫീസർ